(ഡി) ഉണ്ട്. ''ടിമ്പർ ആൻറ് പ്ലൈവുഡ്'' ''പവർലൂം'' എന്നീ വ്യവസായങ്ങളിൽ മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിലും അത് നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാളയാർ പദ്ധതി

* 788 [856] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ പദ്ധതി എത്ര ഏക്കർ സ്ഥലത്തിന് ജല സേചനസൗകര്യമുണ്ടാക്കുമെന്നാണ് കണക്കാക്കിയിരുന്നത്;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എത്ര ഏക്കർ സ്ഥലത്തിന് പ്രയോജനം കിട്ടിയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രദേശത്തെ കൃഷിക്കാർക്ക് വേണ്ടത്ര വെള്ളം കിട്ടാതെ കൃഷി നാശം സംഭവിക്കുന്ന വിവരം ഗവൺമെൻറിനറിയാമോ;

(ഡി) എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചു?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) 9100 ഏക്കർ.

(ബി) മുഴുവൻ പദ്ധതി പ്രദേശത്തിനും വെള്ളം നൽകിയിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ചതായി അറിവില്ല. എന്നാൽ കനാലിൻെറ ആദ്യഭാഗങ്ങളിലുള്ള കൃഷിക്കാർ അനധികൃതമായി സ്ലൂയിസുകൾ തുറന്ന് അമിതമായി ജലം ഉപയോഗിക്കുക കാരണം കനാലിൻെറ അവസാനഭാഗത്തുള്ള ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്.

(ഡി) വാളയാർ ആയക്കെട്ടു പ്രദേശത്ത് നേരത്തെ അനുഭവപ്പെട്ടിരുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിനായി ചിറ്റൂർപുഴ പദ്ധതിയിൽനിന്നും കുന്നുംകോട്ടുപതി കനാൽവഴി വാളയാർ കനാലിലേയ്ക്കു ജലം എത്തിക്കുന്നുണ്ട്. കനാലുകളുടെ ആദ്യഭാഗത്തുള്ള കൃഷിക്കാർ അനധികൃതമായി സ്ലൂയിസുകൾ തുറക്കുന്നതുകാരണം കനാലുകളുടെ അവസാനഭാഗങ്ങളിൽ വെള്ളമെത്തിക്കുവാൻ ഈ വർഷം പോലീസ് സംരക്ഷണം തേടേണ്ടിവന്നു. സുഗമമായ ജലവിതരണത്തിന് കനാൽ സ്ലൂയിസുകൾ ഡിപ്പാർട്ടുമെൻറ് നിർദ്ദേശം കൂടാതെ തുറന്നു തകരാറുണ്ടാക്കാതിരിക്കേണ്ടതാണ്.

കേരളാ അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസോസിയേഷൻെറ നിവേദനം.

* 789 [857] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly